**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 66** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് തകർന്ന റോഡുകളുടെ പുനരുദ്ധാരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് ജൽ ജീവൻ മിഷൻ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും റോഡുകൾ വെട്ടിപ്പൊളിച്ചതുമൂലം ജനങ്ങൾ നേരിടുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട് .

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള വിതരണ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള റോഡുകൾ മുറിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്.

1) പൊതുമരാമത്ത് വകുപ്പ് (PWD) റോഡുകളുടെ പുനഃസ്ഥാപന പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റിയുടെ കരാറുകളിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും, ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം അവയുടെ നിർവഹണം മന്ദഗതിയിലായിരുന്നു. പ്രസ്തുത സാഹചര്യം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നബാർഡ് വായ്പ ലഭ്യമാക്കുകയും, നിലവിൽ കരാറുകാർക്കുള്ള കുടിശ്ശിക തുകകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കുഴിച്ചിട്ട റോഡുകളുടെ പുനഃസ്ഥാപന പ്രവർത്തനങ്ങൾ അതത് കരാറുകളുടെ ഭാഗമായി എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2) പുനഃസ്ഥാപന തുക PWD-യിൽ അടച്ച് റോഡ് കുഴിക്കുന്നതിന് അനുമതി ലഭിച്ച സ്ഥലങ്ങളിലെ റോഡ് പുനഃസ്ഥാപനം പൊതുമരാമത്ത് വകുപ്പാണ് നിർവഹിക്കുന്നത്. പുനഃസ്ഥാപന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും തടസ്സങ്ങൾ പരിഹരിക്കുന്നതിനുമായി ഉന്നതതല ഏകോപന യോഗങ്ങൾ നടത്തിവരുന്നു.

3) ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലെ ജൽ ജീവൻ മിഷൻ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ താൽക്കാലിക പുനഃസ്ഥാപനത്തിനുള്ള തുക മാത്രമാണ് അനുവദിച്ചിരുന്നത്. തുടർന്ന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ സ്ഥിരം പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് ₹1351.20 കോടി രൂപയുടെ അധിക അംഗീകാരം ലഭിച്ചിട്ടുണ്ട്.

റോഡ് പുനഃസ്ഥാപനം സംബന്ധിച്ച വിശദമായ മാർഗനിർദേശങ്ങൾ കേരള വാട്ടർ അതോറിറ്റി 08.01.2024-ന് പുറപ്പെടുവിച്ചിട്ടുള്ളതും, ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുമായി ഏകോപിച്ച് പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നതുമാണ്. കൂടാതെ, അടിയന്തര റോഡ് പുനഃസ്ഥാപനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ലഭ്യമായ ഗ്രാന്റുകൾ മുൻകൂറായി വിനിയോഗിക്കാമെന്ന് വ്യക്തമാക്കി എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറി 26.01.2026-ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

**(ബി)** പൈപ്പിട്ട ശേഷം റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ മുൻ സർക്കാരിന്റെ കാലത്ത് വാട്ടർ അതോറിറ്റി മറ്റ് വകുപ്പുകൾക്ക് കൃത്യമായി ഫണ്ട് കൈമാറിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

**മറുപടി:** എസ്റ്റിമേറ്റ് പ്രകാരമുള്ള പുനഃസ്ഥാപന തുക PWD/NHAI/KRFB/PWD-NH തുടങ്ങിയ ഏജൻസികളിൽ അടച്ചതിനുശേഷമാണ് റോഡ് കുഴിക്കുന്നതിനുള്ള അനുമതി നൽകുന്നത്.

അടിയന്തര റോഡ് പുനഃസ്ഥാപനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ വികസന, മെയിന്റനൻസ് അല്ലെങ്കിൽ CFC ഗ്രാന്റുകൾ മുൻകൂറായി വിനിയോഗിക്കാൻ 26.01.2026-ലെ എൽ.എസ്.ജി.ഡി. സർക്കുലർ വഴി അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം മുൻകൂറായി ചെലവഴിക്കുന്ന തുക JJM പദ്ധതിയുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് തിരിച്ചുനൽകുന്നതാണ്

**(സി)** റോഡുകൾ പൂർവ്വസ്ഥിതിയിലാക്കി യാത്രാക്ലേശം ഒഴിവാക്കാൻ പൊതുമരാമത്ത് വകുപ്പുമായി ഫലപ്രദമായ ഏകോപനത്തിലൂടെ നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിച്ചുവരുന്നു. റോഡുകൾ പൂർവസ്ഥിതിയിലാക്കുന്ന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും തടസ്സങ്ങൾ പരിഹരിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി തലത്തിലും മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെ തലത്തിലും തുടർച്ചയായ ഏകോപന യോഗങ്ങൾ നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**